ബോംബ് സ്ഫോടനങ്ങൾ

94(835) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1999 ജനുവരി മുതൽ 2000 ജനുവരി വരെ എത്ര ബോംബ് സ്ഫോടനങ്ങൾ നടക്കുകയുണ്ടായി;

(ബി) പോലീസ് സ്റ്റേഷനകത്ത് എത്ര സ്ഫോടനങ്ങൾ നടന്നു;

(സി) ഇതുമൂലം എന്ത് നഷ്ടം ഉണ്ടായിട്ടുണ്ട്; എത്രപേർക്ക് ജീവഹാ നിയുണ്ടായി;

(ഡി) ഇതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ്;

(ഇ) ആരാണ് ഈ സ്ഫോടനങ്ങൾക്ക് ഉത്തരവാദികൾ;

(എഫ്) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എത്രപേരെ ശിക്ഷിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 83 ബോംബ് സ്ഫോടനങ്ങൾ നടക്കുകയുണ്ടായി.

(ബി) ഈ കാലയളവിൽ ധർമ്മടം പോലീസ് സ്റ്റേഷനകത്തു മാത്ര മാണ് സ്ഫോടനം നടന്നിട്ടുള്ളത്.

(സി) ഇതുമൂലം 15,000/- രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് ജീവഹാനി ഉണ്ടായിട്ടില്ല.

(ഡി) ഉണ്ട്. ധർമ്മടം പോലീസ് സ്റ്റേഷനിൽ എക്പ്ലോസീവ് ആക്ടിലെ 4-ാം ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈം നമ്പർ 8/2000 പ്രകാരം ബന്തോവസ്സിൽ എടുത്ത ഹോർലിക്സ് കുപ്പിയിലും പ്ലാസ്റ്റിക് കണ്ടെയിനറിലും ഉണ്ടായിരുന്ന സ്ഫോടക വസ്തുക്കളായ പൗഡർ 10.1.2000 രാത്രി 1.40-ന് ഏതോ വിധത്തിൽ പൊട്ടിയാണ് അപകടം ഉണ്ടായത്.

(ഇ)ആന്റ്(എഫ്) ടി സംഭവത്തോടനുബന്ധിച്ച് ഐ.പി.സി. 286 പ്രകാരം ധർമ്മടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 12/2000 നമ്പർ കേസിന്റെ അന്വേഷണം നടന്നു വരുന്നു.

സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ

95(836)ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് എത്ര കൊലപാതക ങ്ങൾ നടന്നു;

(ബി) ഇവയിൽ എത്ര എണ്ണം തെളിയിക്കപ്പെട്ടു;

(സി) ഈ കാലയളവിൽ മലപ്പുറം ജില്ലയിൽ ആകെ എത്ര കൊല പാതകങ്ങൾ നടന്നു;

LIBRARY ARCHIVES Kerala Legislative Assembly